LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇന്നലെ ശ്രീ. സണ്ണി ജോസഫിന്റെ നേതൃത്വത്തിൽ ഒരു നിവേദക സംഘം എന്നെ കാണാൻ വന്നിരുന്നു. ഞങ്ങൾ ഒരു കോൺഫറൻസുകൂടി ഇക്കാര്യങ്ങൾ ചർച്ച ചെയ്തിരുന്നു. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സുരേഷ് കറുപ്പ് ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ള കാര്യങ്ങളാണ്. ഒന്നാമതായി അവർ ഉന്നയിച്ച പ്രശ്നം അവർക്ക് കിട്ടുന്ന ലംപ്സം ഗ്രാന്റ് കടിശ്ശികയായിരിക്കുന്നുയെന്നുള്ളതാണ്. അതിന്റെ മുഴുവൻ തുകയും റിലീസ് ചെയ്തു. ഓൺലൈനായി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കഴിഞ്ഞു. ഈ വർഷത്തേയും ലംപ്സം ഗ്രാന്റ് യഥാസമയം കൊടുക്കുന്നതിനുള്ള തീരുമാനമായിട്ടുണ്ട്. ഇത് കിട്ടുന്നതിന്റെ പേരിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്നു എന്നകാര്യം പറഞ്ഞു. അതിന് ഏത് വിധത്തിൽ പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. കാരണം അവർ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇവർക്ക് കൊടുക്കുന്ന ലംപ്സം ഗ്രാന്റ് ന്യൂനപക്ഷങ്ങൾക്ക് കൊടുക്കുന്ന തുകയെക്കാൾ കുറവായതിനാൽ അത് തുല്യമാക്കണമെന്ന ആവശ്യം തികച്ചും ന്യായമാണ്. അതുകൊണ്ട് അത് തുല്യമാക്കുകയോ ന്യൂനപക്ഷങ്ങൾക്ക് കൊടുക്കുന്ന ആനുകൂല്യം ഇവർക്കുകൂടി ലഭ്യമാക്കുകയോ ചെയ്യും. ഏതെങ്കിലുമൊന്ന് നിശ്ചയമായിട്ടും നടപ്പിലാക്കും. അതുപോലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇവർക്കുകൂടി ബാധകമാക്കണം. ഉദാഹരണത്തിന് കഴിഞ്ഞവർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൈക്കിൾ കൊടുത്തു. ഇവരുടെ കുട്ടികൾക്കും സൈക്കിൾ കൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യവും പരിശോധിച്ച് പോസിറ്റീവായ തീരുമാനമുണ്ടാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത് എന്ന് വ്യക്തമാക്കാനാഗ്രഹിക്കുന്നു.

6. കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ഭേദഗതി

ശ്രീ. പുരുഷൻ കടലുണ്ടി : സർ, അക്കാദമിക് യോഗ്യതയുള്ള ഗോത്രവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് അവകാശ നിഷേധം, അല്ലെങ്കിൽ അപാകത പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ളതാണ് സബ്മിഷൻ. 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് റൂൾ 4-ന് അനുബന്ധമായി ഷെഡ്യൂൾ 1-ലെ നോട്ടുപ്രകാരം എസ്.സി/എസ്.റ്റി. വിഭാഗം ഉദ്യോഗാർത്ഥികൾക്ക് ഉയരത്തിൽ 5 സെന്റീമീറ്റർ ഇളവ് അനുവദിച്ചിരുന്നു. എന്നാൽ 2014-ൽ ഷെഡ്യൂൾ ഭേദഗതി വരുത്തിയപ്പോൾ ഷെഡ്യൂൾ 1-ലെ നോട്ട്

ൂൾസിന്റെ ഭാഗമാക്കാൻ വിട്ടുപോയി എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇത് നിമിത്തം പി.എസ്.സി. ഇന്റർവ്യൂവിൽനിന്നും ഉദ്യോഗാർത്ഥികളെ ഒഴിവാക്കുന്നു. ഗോത്രവർഗ്ഗ വിഭാഗത്തിന് നീതി ലഭിക്കാൻ സത്വര നടപടിയുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന. ഇത് സാമൂഹ്യനീതി നിഷേധമാണ്. സംവരണതത്വം പാലിക്കാതെ അധഃസ്ഥിതനെ അധഃസ്ഥിതനാക്കി നിർത്തുന്ന നിഗൂഢമായ ശ്രമം ഇതിന്റെ പിന്നിലുണ്ടോയെന്നും പരിശോധിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, 2010-ലെ വിജ്ഞാപനപ്രകാരം പുതുക്കിയ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ ൂൾസിലെ ചട്ടം 4 അനുസരിച്ച് റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ നേരിട്ടുള്ള നിയമനംവഴി നികത്തുന്നതിനുള്ള കായ്ക്കയിൽ പുരുഷന്മാർക്ക് 168 സെന്റീമീറ്റർ ഉയരവും 81 സെന്റീമീറ്റർ നെഞ്ചളവും സ്ത്രീകൾക്ക് 157 സെന്റീമീറ്റർ ഉയരവുമാണ് ശാരീരിക യോഗ്യതയായി നിശ്ചയിച്ചിരുന്നത്. പ്രസ്തുത നിയമത്തിലെ ചട്ടം 4-ൽ National Physical Efficiency One Star Standard Test Schedule 1 ആയി ചേർത്തിരിക്കുന്നു. ഷെഡ്യൂൾ 1- ലെ കുറിപ്പ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് ഉയരത്തിൽ 5 സെന്റീമീറ്ററും നെഞ്ചളവിൽ 2.5 സെന്റീമീറ്ററും ഇളവ് അനുവദിച്ചിരുന്നു. ചില ഭേദഗതികൾ വരുത്തി ജി.ഒ. (പി) നമ്പർ 80/2014 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പുരുഷന്മാർക്ക് 163 സെന്റീമീറ്റർ ഉയരവും 79 സെന്റീമീറ്റർ നെഞ്ചളവും സ്ത്രീകൾക്ക് 150 സെന്റീമീറ്റർ ഉയരവുമായി ശാരീരിക യോഗ്യത പുതുക്കി നിശ്ചയിച്ചിരുന്നു. ഇതിനോടൊപ്പം ചട്ടം 4 പ്രകാരമുള്ള ഷെഡ്യൂൾ 1 -ലെ National Physical Efficiency One Star Standard Test ഒഴിവാക്കിയിരുന്നു. 2010-നുമുമ്പ് ഉയരത്തിന്റെയും നെഞ്ചളവിന്റെയും നിയമനത്തിനുള്ള ഉയർന്ന പ്രായ പരിധിയുടെയും കാര്യത്തിലുണ്ടായിരുന്ന മാനദണ്ഡങ്ങളാണ് 2014-ലെ ഭേദഗതിവഴി കൊണ്ടുവന്നത്. 2010-നുമുമ്പുണ്ടായിരുന്ന ചട്ടങ്ങൾ പ്രകാരം ഉയരത്തിന്റേയും നെഞ്ചളവിന്റേയും കാര്യത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് പൊതു മാനദണ്ഡത്തിൽനിന്നും ഒരിഞ്ച് കുറവ് നൽകിയിരുന്നു. 2014-ലെ ഭേദഗതിയിൽ ഇക്കാര്യം വിട്ടുപോയിട്ടുള്ളതാണ്. അത്തരത്തിൽ അപാകതയുണ്ട് എന്നുള്ളത് വീഴ്ചയായിക്കണ്ട് അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly